Mathrubhumi

# മണ്ണുസംരക്ഷണം നമ്മുടെ കടമ -ഡോ. സി. കുഞ്ഞിക്കണ്ണൻ




▶ കോയമ്പത്തൂർ ഐ.എഫ്.ജി.ടി.ബി.യിൽനടന്ന ലോക മണ്ണുദിനാചരണത്തിൽ നിന്ന്

**കോയമ്പത്തൂർ** ▸ കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിൽ ലോക മണ്ണുദിനം ആചരിച്ചു. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനംചെയ്തു. ഐക്യരാഷ്ട്രസഭ ഇത്തവണത്തെ ദിനാചരണത്തിന് 'മണ്ണ് ഭക്ഷണത്തിന്റെ ഉറവിടം' എന്ന സന്ദേശമാണ് നൽകിയിരിക്കുന്നത്. മനുഷ്യൻ ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് ഏറ്റവും ആവശ്യമായ ഘടകമായതിനാൽ മണ്ണിനെ സംരക്ഷിക്കേണ്ടത് നമ്മുടെ എല്ലാവരുടെയും കടമയാണെന്ന് ഡോ. കുഞ്ഞിക്കണ്ണൻ പറഞ്ഞു. ഡോ. കണ്ണൻവാരിയർ മുഖ്യപ്രഭാഷണം നടത്തി.

ഇന്ത്യയിൽ പ്രതിവർഷം 53,340 ലക്ഷം ടൺ മണ്ണുവീതം മണ്ണൊലിപ്പിൽ നഷ്ടപ്പെടുന്നുണ്ടെന്ന് കണ്ണൻവാരിയർ പറഞ്ഞു. ഡോ. ആർ. യശോദ, ഡോ. എസ്. വിഘ്നേശ്വരൻ എന്നിവർ സംസാരിച്ചു.

69. News in Mathrubhumi, Palakkad, 07.12.2022, Observance of World Soil Day by IFGTB ENVIS.